**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **5918** — 30.07.2015 ൽ മറുപടിക്ക്

**ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി**

ചോദ്യം

**ശ്രീ.സി.ദിവാകരൻ**

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) ഏതെല്ലാം വകുപ്പുകളിലാണ് ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയത്; ഇതിലൂടെയുണ്ടായ മികവ് എന്താണെന്ന് വിശദമാക്കാമോ?

(എ) ഇ-ഡിസ്ട്രിക്ട് മുഖാന്തിരം റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നുണ്ട്. കേരള സ്റ്റേറ്റ് ഐ. ടി. മിഷന്റെ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പദ്ധതി മുഖേന കേരള വാട്ടർ അതോറിറ്റി, വി. എച്ച് .എസ്. ഇ, റൂറൽ ഡെവലപ്പ്മെന്റ് എന്നീ വകുപ്പുകളിൽ ഇലക്ട്രോണിക്സ് സർവ്വീസ് ഡെലിവറി ഏർപ്പെടുത്തിയിട്ടുണ്ട്. ഇത് വഴി ജനങ്ങൾക്ക് വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു ഏകീകൃത പോർട്ടലിൽ കൂടി ലഭിക്കും. ഈ സംവിധാനത്തിലൂടെ ഒരു സാധാരണ പൗരന് രാജ്യത്ത് എവിടെ നിന്നും അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാകും.

**സെക്ഷൻ ഓഫീസർ**